# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.427.

26/06/2019 -ൽ മറുപടിക്ക്

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, ജോർജ് എം. തോമസ്<br>,, എം. രാജഗോപാലൻ | | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ നയരൂപീകരണത്തിനുപകരിക്കുന്ന കൃത്യതയാർന്ന വിവരശേഖരണത്തിനായുള്ള ഉന്നതവിദ്യാഭ്യാസ സർവ്വേ പൂർത്തിയായിട്ടുണ്ടോ; | (എ) | ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനായി സമഗ്ര സ്വഭാവമുള്ള ഉന്നത വിദ്യാഭ്യാസ സർവ്വെ (ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ) കേരള ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ സമ്പ്രദായത്തിലാണ് വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇതിനായുള്ള വെബ്പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിനകം 500 ഓളം സ്ഥാപനങ്ങൾ മേൽ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് വിവരങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) ഉന്നത വിദ്യാഭ്യാസമേഖലയിൽ കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ്;<br>(സി) ഉന്നതവിദ്യാഭ്യാസ രംഗത്ത് പൊതു സൗകര്യങ്ങൾ ലഭ്യമാക്കാൻ കൗൺസിലിന് കഴിഞ്ഞിട്ടുണ്ടോ; | (ബി) യും (സി) യും | ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്റ്റാറ്റ്യൂട്ടറി ഏജൻസിയാണ് കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ.<br>ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ ഗുണമേന്മ ലക്ഷ്യമാക്കി ചുവടെ ചേർക്കുന്ന പദ്ധതികൾ കൗൺസിൽ നടപ്പിലാക്കി വരുന്നു.<br>• ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി.<br>• എറുഡൈറ്റ് പദ്ധതി.<br>• ക്ലസ്റ്റർ കോളേജ് പദ്ധതി<br>• കൗൺസിൽ ജേർണൽ<br>• സാക്ക് (SAAC- State Assessment & Accreditation Centre)<br>• ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ (FTC)<br>• ഔട്ട് കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകളും |

- ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ
- സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി (SLAC)
- പ്രബുദ്ധത
- ചാൻസലേഴ്സ് അവാർഡ്
- കൈരളി ഗവേഷണ പുരസ്കാരങ്ങൾ
- ബ്രെയിൻ ഗെയിൻ സമീപനം

മേൽ വിവരിച്ച പ്രവർത്തനങ്ങളിലൂടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും സൗകര്യങ്ങളും ഉറപ്പുവരുത്തുവാൻ കൗൺസിലിന് കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| (ഡി) സമീപസ്ഥമായ കോളേജുകൾ തമ്മിൽ ഭൗതിക, അക്കാദമിക വിഭവങ്ങളുടെ പങ്കുവയ്ക്കലിലൂടെ മികവ് വർദ്ധിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ള കോളേജ് ക്ലസ്റ്റർ സംവിധാനം പ്രായോഗികമായിട്ടുണ്ടോ; | (ഡി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ കോളേജ് ക്ലസ്റ്റർ വീതം 2009-2010 ൽ ആരംഭിച്ചിരുന്നു. നിലവിലുള്ള ക്ലസ്റ്ററുകൾക്ക് പുറമേ പാലക്കാടും കണ്ണൂരും കാസർഗോഡും കേന്ദ്രീകരിച്ച് ഓരോ പുതിയ ക്ലസ്റ്റർ കൂടി ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന പുരോഗമിച്ചു വരുന്നു. |
| (ഇ) ഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഓരോ വിദ്യാർത്ഥിയും ആർജ്ജിച്ചിരിക്കേണ്ട കഴിവുകൾ നിർണ്ണയിച്ചിട്ടുണ്ടോ; അവരെ അതിന് പ്രാപ്തരാക്കുന്ന വിധത്തിൽ വിജ്ഞാനോത്സുകത വളർത്തുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) ഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഓരോ വിദ്യാർത്ഥിയും ആർജിച്ചിരിക്കേണ്ട കഴിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കണമെന്ന് മുൻകൂട്ടി നിർണ്ണയിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്ന ഔട്ട് കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജൂവേറ്റ് ആട്രിബ്യൂട്ടുകൾക്കും പ്രാമുഖ്യം നൽകുന്ന പരിഷ്കരണങ്ങളാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്നത്. ഇതിനായി കരിക്കുലത്തിലും, സിലബസ്സിലും പരീക്ഷാനടത്തിപ്പിലും മൂല്യനിർണ്ണയത്തിലുമൊക്കെ കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഇതിനായി സർവ്വകലാശാലകളിലെയും സ്വയംഭരണ കോളേജുകളിലെയും ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിലെ വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തികൊണ്ട് പരിശീലനം നൽകിവരികയാണ്. |

**സെക്ഷൻ ഓഫീസർ**